പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2316 05.02.2018 ലെ മറുപടിക്ക്

## കയർമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.ടി.ബൽറാം | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർമേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ ഇടപെടലിലൂടെ പ്രസ്തുത മേഖലയെ ഊർജ്ജസ്വലമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) കയർപിരിമേഖല നേരിടുന്ന പ്രധാന വെല്ലുവിളിയായ ചകിരി ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിലവിലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് കയർഫെഡിന്റെ നേതൃത്വത്തിൽ ആഗോള ടെൻഡർ ക്ഷണിച്ച് കുറഞ്ഞ വിലയ്ക്ക് സംഘങ്ങൾക്ക് ചകിരി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കയർപിരി മേഖലയും ചെറുകിട കയർ ഫാക്ടറി മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചു വരുന്നുണ്ട്. കയർ വ്യവസായ സംരക്ഷണത്തിനായി ഒരു ദ്വിമുഖ തന്ത്രമാണ് സർക്കാർ നടപ്പിലാക്കുന്നത്. ഒന്ന് സമ്പൂർണ്ണ ആധുനീകരണം. രണ്ട് പരമ്പരാഗത മേഖലയുടെ സംരക്ഷണം. |
| ബി) പ്രസ്തുത മേഖലയിലെ യന്ത്രവൽക്കരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കം ചെയ്യുമ്പോൾ, പരമ്പരാഗതമായി ഈ മേഖലയിലുള്ള തൊഴിലാളികളെ അത് എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | ബി) സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചു കൊണ്ടു മാത്രമേ അത്തരത്തിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളു. പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ആ മേഖലയിലെ ഉൽപ്പാദനം മുഴുവൻ പരിധിയില്ലാതെ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി സംഭരിക്കുകയാണ്. |
| സി) പ്രസ്തുത വിഭാഗത്തെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | സി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടാണ് സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കുന്നത്. അതുകൊണ്ട്തന്നെ യന്ത്രവത്ക്കരണം മൂലം തൊഴിൽ നഷ്ടമുണ്ടായിട്ടില്ല. പരമ്പരാഗത തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ |

| | |
|---|---|
| | മുഴുവനും കയർഫെഡ് വഴി സംഭരിച്ചുവരികയാണ്. ടി തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിയിട്ടുണ്ട്. |
| ഡി) യഥാസമയം യന്ത്രവൽക്കരണം നടത്തുന്നതിനും മത്സരബുദ്ധിയോടു കൂടി വിപണിയിൽ ഇടപെടുന്നതിനും ഉണ്ടായ കാലതാമസമാണ് പ്രസ്തുത മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി & ഇ) കയർ മേഖലയ്ക്ക് വിപണിയിൽ മത്സരക്ഷമതയോടെ ഇടപെടുന്നതിന് സമ്പൂർണ യന്ത്രവൽക്കരണം അനിവാര്യമാണ്. എന്നാൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് കൊണ്ട് മാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളു. ഇക്കാര്യത്തിൽ കാലവിളംബം സംഭവിച്ചിട്ടില്ല. |
| ഇ) എങ്കിൽ തൊഴിലാളികളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ഈ മേഖലയ്ക്ക് നവചൈതന്യം നൽകുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; | കയർ മേഖലയിലെ തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടാണ് ഈ മേഖലയ്ക്ക് നവചൈതന്യം നൽകുന്നതിനുള്ള പദ്ധതികൾ രണ്ടാം പുന:സംഘടനയുമായി ബന്ധപ്പെട്ട് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |
| എഫ്) പുതിയ ഉൽപന്നങ്ങളിലൂടെ തൊഴിലാളികളുടെ വേതനവും തൊഴിലവസരങ്ങളും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | എഫ്) ഈ പ്രവർത്തികൾ പ്രാരംഭ ഘട്ടത്തിൽ ആണ്. തൊഴിലാളികളുടെ വേതനവും തൊഴിലവസരങ്ങളും ഉറപ്പിക്കാൻ സാധിക്കുന്നവിധത്തിലാണ് ഇവ ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

9